പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 399 — 06.03.2012-ൽ മറുപടിയ്ക്ക്

കാവാലം സബ് സ്റ്റേഷൻ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കാവാലം സബ്-സ്റ്റേഷൻ നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയ കാവാലം വില്ലേജിലെ ബ്ളോക്ക് നമ്പർ 20, സർവ്വേ നമ്പർ 594/6-ൽ പെട്ട 0.874 ഹെക്ടർ ഭൂമി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം നികത്താൻ കഴിയില്ല എന്ന് ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പള്ളം-പുന്നപ്ര 110 കെ. വി ലൈനിൽ നിന്നും ഉദ്ദേശം 2 കിലോ മീറ്റർ അകലെയായി സ്ഥലം കണ്ടെത്തുകയും ഉടമയിൽ നിന്നും അനുമതി പത്രം ലഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത സബ്-സ്റ്റേഷൻ നിർമ്മാണത്തിന് അനുവദിച്ചിരുന്ന സ്ഥലം മാറ്റി പുതിയ സ്ഥലം എവിടെയാണ് കണ്ടെത്തിയിരുക്കുന്നതെന്ന് വിശദമാക്കാമോ ; | (ബി) കാവാലം ലിസ്യൂ ചർച്ചിനടുത്തായി സർവ്വേ നമ്പർ 232/1 ൽ പെട്ട ശ്രീമതി. കൊച്ചു ത്രേസ്യാ, W/o മാത്യു, മംഗലത്ത്, 16 ൽ ചിറ, വടക്കുംഭാഗം മുറി, കാവാലം എന്ന വ്യക്തിയുടെ 72 ആർ ഭൂമിയാണ് പുതിയതായി കണ്ടെത്തിയിരിക്കുന്നത്. |
| (സി) സബ്-സ്റ്റേഷൻ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; | (സി) & (ഡി) സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചാൽ 18 മാസത്തിനകം സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) പ്രസ്തുത സബ്-സ്റ്റേഷൻ നിർമ്മാണം എന്ന് പൂർത്തികരിക്കുമെന്ന് വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ.